മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 142

(ബി)

മലപ്പുറം	63
കോഴിക്കോട്	20
കണ്ണൂർ	44
പാലക്കാട്	3
വയനാട്	1
ആകെ	131

(സി) ഏ വിഭാഗത്തിന്റെ ഉത്തരത്തിൽ നിയമവിധേയമായി താമസിക്കുന്ന 142 പേർക്ക് പുറമേ ഏതാനും പാക്കിസ്ഥാൻകാർ അനധികൃതമായി കേരളത്തിൽ താമസിക്കുന്നുണ്ട്. ഇവരിൽ മിക്കവാറും പേർ ഒളിവിലാണ്. ഇവരെ കണ്ടുപിടിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് 26-1-86-ന് ഒരു സ്പെഷ്യൽ ഡ്രൈവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സ്പെഷ്യൽ ഡ്രൈവിന്റെ ഫലത്തെ സംബന്ധിച്ച വിശദവിവരം ശേഖരിച്ചുവരുന്നു.

(ഡി). ഇല്ല.

മഹാജൻ കമ്മീഷന്റെ റിപ്പോർട്ട്

* 137 [139] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാജൻ കമ്മീഷന്റെ റിപ്പോർട്ടിൻമേൽ കേരള ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കാസർകോട് ജില്ലയിലെ ചില പ്രദേശങ്ങളിൻമേൽ പല അവകാശവാദങ്ങളും കർണ്ണാടക ഗവൺമെന്റ് ഉന്നയിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ചന്ദ്രഗിരിപ്പുഴക്കും പയസ്വിനിപ്പുഴക്കും വടക്കുള്ള 71 വില്ലേജുകളെ സംബന്ധിച്ച് മഹാജൻ കമ്മീഷന്റെ ശുപാർശകൾ അതിർത്തി നിർണ്ണയിക്കുന്നതു സംബന്ധിച്ച് സ്റ്റേറ്റ് റീഓർഗനൈസേഷൻ കമ്മീഷൻ സ്വീകരിച്ച അടിസ്ഥാന സമീപനങ്ങൾക്കെതിരാണെന്നും ഈ സംസ്ഥാനത്ത് ഒരു ജനകീയ ഗവൺമെന്റ് ഇല്ലാതിരുന്ന കാലത്ത് മഹാജൻ കമ്മീഷൻ എടുത്ത സമീപനം ഏകപക്ഷീയമാണെന്നും ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേരളവും കർണ്ണാടകവും തമ്മിൽ യാതൊരു അതിർത്തിതർക്കവും ഇല്ലെന്നുമാണ് ഈ ഗവൺമെന്റിന്റെ നിലപാട്.

(ബി) ഇക്കാര്യത്തിലുള്ള ഈ ഗവൺമെന്റിന്റെ നിലപാടു വ്യക്തമാക്കി 1985 മേയ് മാസത്തിൽ കർണ്ണാടക മുഖ്യമന്ത്രിക്ക് ഒരു കത്തയച്ചതിനുശേഷം ആ ഗവൺമെന്റ് ഒരവകാശവാദവും ഉന്നയിക്കുകയുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly